**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1251** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കാമോ; | (എ) | ടൂറിസം വകുപ്പിന്റെ പഴയ അതിഥി മന്ദിരം പൊളിച്ച് നീക്കി ഗുരുവായൂരിൽ 22.45 കോടി രൂപ ചിലവിൽ 8 നിലകളിലായി 55 മുറികളോട് കൂടി അത്യാധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തിയ പുതിയ അതിഥി മന്ദിരം നിർമ്മാണം പുരോഗമിച്ച് വരികയാണ്. കൂടാതെ കേന്ദ്ര പദ്ധതിയായ 'ഡവലപ്മെന്റ് ഓഫ് ഗുരുവായൂർ ടെമ്പിൾ' പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി 46.14 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു. ഇതിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്. 1) ടൂറിസ്റ്റ് അമിനിറ്റി സെന്റർ 2) ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ 3) മൾട്ടിലെവൽ കാർ പാർക്കിംഗ് 4) നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ ചക്കരകണ്ടം പ്രദേശത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | ചക്കരകണ്ടം പ്രദേശത്ത് ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനായി സ്ഥല ലഭ്യതയെ സംബന്ധിച്ച് സർവ്വേ ചെയ്ത് പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ